## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.399 10/03/2015-ൽ മറുപടിക്ക്

### പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 24 MW അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുതി പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം നടന്നു വരുന്നു.<br>നിലവിലുള്ള പെരിങ്ങൽകുത്ത് റിസർവോയറിൽ നിന്നും പുതുതായി നിർമ്മിക്കുന്ന ടണൽ വഴി വെള്ളം പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന പവർ ഹൌസിൽ എത്തിച്ച് 24 MW വൈദ്യുതി (45.02 ദശലക്ഷം യൂണിറ്റ്) അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിക്കത്തക്ക വിധം നിർമ്മാണം പുരോഗമിക്കുന്നു.<br>കൂടാതെ പഴയ പവ്വർ ഹൌസിന്റെ നവീകരണം പൂർത്തീകരിക്കുമ്പോൾ 4 മെഗാവാട്ട് അധികമായി ലഭിക്കും. |
| (ബി) ചാലക്കുടിപ്പുഴയിലെ നീരൊഴുക്ക് ജലസേചനത്തിന് ഉപയുക്തമായ രീതിയിൽ, വൈദ്യുതി ഉൽപ്പാദനം ക്രമീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) വൈദ്യുതി ഉല്പാദനം ജലസേചനത്തിന് ഉപയുക്തമാകുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ